**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4781** **01-11-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന അതിവർഷം മൂലം തകരാറിലായ റോഡുകളുടെ പുനർ നിർമ്മാണത്തിനായി പെതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നു വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന അതിവർഷം മൂലം തകരാറിലായ റോഡുകളുടെ പുനർ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനു കീഴിൽ റോഡുകളുടെ നാശനഷ്ടങ്ങൾ വിലയിരുത്തി അവയുടെ പുനർ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണിടിച്ചിൽ മൂലം റോഡുകൾക്കുണ്ടായ ഗതാഗതതടസ്സം നീക്കം ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. റോഡുകളുടെ നാശനഷ്ടം സംഭവിച്ച ഉപരിതലത്തിന്റെ പുനർ നിർമ്മാണം, കലുങ്കുകൾ, സംരക്ഷണ ഭിത്തികൾ എന്നിവയുടെ പുനർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ അനുമതി നൽകി വരുന്നു. പാലം വിഭാഗത്തിനു കീഴിൽ വെള്ളപൊക്കം മൂലം പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കും, സംരക്ഷണ ഭിത്തികൾക്കും ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനായി 25 ലക്ഷം രൂപ വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർക്ക് തന്നെ അനുമതി നൽകുന്നതിന് അധികാരം നൽകിയിട്ടുണ്ട്. കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ അധിവർഷം മൂലം തകരാറിലായ റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന ദീർഘകാലാടിസ്ഥാനത്തിലുള്ള റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ദേശീയപാത വിഭാഗത്തിനു കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary repair ലും Flood Damage Repair ലും തുക കേന്ദ്രം നൽകാറുണ്ട്. ഇതുപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തുകയും സ്ഥായിയായ |

| | | | |
|---|---|---|---|
| | | | റിപ്പയറിനു വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയും റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി ലഭിക്കാറുണ്ട്. |
| (ബി) | അടിയന്തരമായി ചെയ്യേണ്ട പ്രവർത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്നു വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന അതിവർഷം മൂലം തകരാറിലായ റോഡുകളുടെ പുനർ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനു കീഴിൽ റോഡുകളുടെ നാശനഷ്ടങ്ങൾ വിലയിരുത്തി അവയുടെ പുനർ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണിടിച്ചിൽ മൂലം റോഡുകൾക്കുണ്ടായ ഗതാഗതതടസ്സം നീക്കം ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. റോഡുകളുടെ നാശനഷ്ടം സംഭവിച്ച ഉപരിതലത്തിന്റെ പുനർ നിർമ്മാണം, കലുങ്കുകൾ, സംരക്ഷണ ഭിത്തികൾ എന്നിവയുടെ പുനർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ അനുമതി നൽകി വരുന്നു. പാലം വിഭാഗത്തിനു കീഴിൽ വെള്ളപൊക്കം മൂലം പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കും, സംരക്ഷണ ഭിത്തികൾക്കും ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനായി 25 ലക്ഷം രൂപ വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർക്ക് തന്നെ അനുമതി നൽകുന്നതിന് അധികാരം നൽകിയിട്ടുണ്ട്. കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ അധിവർഷം മൂലം തകരാറിലായ റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന ദീർഘകാലാടിസ്ഥാനത്തിലുള്ള റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ദേശീയപാത വിഭാഗത്തിനു കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary repair ലും Flood Damage Repair ലും തുക കേന്ദ്രം നൽകാറുണ്ട്. ഇതുപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തുകയും സ്ഥായിയായ റിപ്പയറിനു വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയും റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ